**File No.FWLD-B1/46/2020-FWLD**

**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം **നം.2397** — **12.03.2020** -ൽ മറുപടിയ്ക്ക്

**കാട്ടുതീ അണയ്ക്കുന്നതിന് ആധുനിക സംവിധാനങ്ങളുടെ അഭാവം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി. തോമസ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പിൽ കാട്ടുതീ അണയ്ക്കുന്നതിന് ആധുനിക സംവിധാനങ്ങളുടെ അഭാവം ഇപ്പോഴും നിലവിലുണ്ടോ; | (എ) വനം വകുപ്പിൽ കാട്ടുതീ അണയ്ക്കുന്നതിന് പുതുതായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ രണ്ട് മിനി ഫയർ റെസ്പോണ്ടർ വാഹനങ്ങൾ വാങ്ങുകയും കാട്ടുതീ അണയ്ക്കുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ ടി വാഹനങ്ങൾ തൃശ്ശൂർ, പാലക്കാട് സർക്കിളുകളിൽ ഉപയോഗിച്ചു വരികയും ചെയ്യുന്നു. വനമേഖല യിലാകെ കാട്ടുതീ കൈകാര്യം ചെയ്യുന്നതിന് ടി വാഹനങ്ങൾ അപര്യാപ്തമാണ്. കാട്ടുതീ തടയുന്നതിനായി Blower, Chainsaw, Fire Beaters തുടങ്ങിയ ഭാരം കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ 124 ഫോറസ്റ്റ് സ്റ്റേഷനുകളിലും അഗ്നിപ്രതിരോധ മുൾപ്പെടെയുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ജീപ്പ് നൽകിയിട്ടുണ്ട്. വാച്ചർ മാർക്കും സ്റ്റാഫിനും ഷൂ, ഫയർ ബീറ്റർ, സ്പ്രേയർ, വാട്ടർ ബോട്ടിൽ, വാട്ടർ ക്യാൻ, ഫയർ റെയ്ക്ക് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ഫയർ ഫൈറ്റിംഗ് ഉപകരണങ്ങളായ ഹോണ്ടാ ഒലിയോമാക് പമ്പ് സെറ്റ്, ഫോഴ്സ് ഗൺ വിത്ത് ഹോസ് എന്നിവയും നൽകിയിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപകരണങ്ങളായ battery operated sprayers, High tech 16 Ltr. Manual Sprayers, Force gun, Oleo mac Sprayer with 708 petrol engine, Honda made 5 HP engine coupled |

| | |
|---|---|
| | high pressure sprayer, pump set എന്നിവയും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വനം വകുപ്പ് ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത സംവിധാനങ്ങളുടെ അഭാവം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) നിലവിലുള്ള ആധുനിക സംവിധാനങ്ങൾക്ക് പുറമെ ഭാരം കുറഞ്ഞ സംരക്ഷണ കവചങ്ങൾ, മുഖകവചങ്ങൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടറുകൾ, പോർട്ടബിൾ ഫയർ എക്സ്റ്റിംഗ്യൂഷറുകൾ തുടങ്ങിയവ പുതുതായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കാലപ്പഴക്കം വന്ന ഉപകരണങ്ങൾക്ക് പകരമായി പുതിയവ വാങ്ങിക്കുന്നതുമാണ്. |
| (സി) സംസ്ഥാനത്ത് എവിടെ കാട്ടു തീ ഉണ്ടായാലും അത് അറിയുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) വനമേഖലയിലെ കാട്ടുതീ യഥാസമയം കണ്ടെത്തി നടപടി സ്വീകരിക്കുന്നതിലേക്കായി ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (FSI) വികസിപ്പിച്ചെടുത്തിട്ടുള്ള നൂതന സാങ്കേതിക വിദ്യയാണ് ഫയർ അലർട്ട് സിസ്റ്റം. എഫ്.എസ്.ഐയുടെ ടി സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുന്ന വ്യക്തിക്ക് ടിയാന്റെ മൊബൈൽ ഫോണിൽ എസ്.എം.എസ് മുഖേന തീയുടെ വിവരം, തീപിടുത്ത മേഖല (അക്ഷാംശവും രേഖാംശവും അടക്കം), തീപിടുത്ത മേഖലയുടെ ഭൂപടം ലഭിക്കുന്നതിനുള്ള ലിങ്ക് എന്നിവ ലഭ്യമാകുന്നതാണ്.<br>അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ 2016 മുതൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമെ എല്ലാ സർക്കിളിനു കീഴിലും ഡിവിഷൻ, റെയിഞ്ച് തലങ്ങളിൽ ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു. ജനുവരി മുതൽ മെയ് വരെയുള്ള ഫയർ സീസണിൽ 24 മണിക്കൂറും ഫയർ കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ) മുഖേന ലഭിക്കുന്ന കാട്ടുതീ |

| | | | |
|---|---|---|---|
| | | | സാദ്ധ്യത അലർട്ടുകളും തീയുണ്ടാകുന്ന പക്ഷം അവയുടെ അലർട്ടുകളും വനം വകുപ്പാസ്ഥാനത്തെ ഫയർസെല്ലിൽ നിന്നും യഥാസമയം ഡിവിഷൻ, സർക്കിൾതല ഫയർ കൺട്രോൾ റൂമുകളിൽ നൽകുകയും ചെയ്തു വരുന്നു.<br>തീ ഉണ്ടാകുന്നത് കണ്ടെത്തി എല്ലാ റെയിഞ്ചുകളിലും താമസംവിനാ വിവരം കൈമാറി സത്വര നടപടി സ്വീകരിക്കുന്നതിന് വയർലസ് സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നുണ്ട്. ആയതിലേക്കായി ഈ വർഷം മെയിൻസെറ്റ് - 80 എണ്ണം, വാക്കിടോക്കി - 300 എണ്ണം, മൊബൈൽ സെറ്റ് - 50 എണ്ണം എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. |
| (ഡി) | കാട്ടുതീ തടയുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനും വനജാഗ്രത സമിതികളുടെ ഇടപെടൽ എത്രത്തോളം ഫലപ്രദമാണെന്ന് വ്യക്തമാക്കുമോ; | (ഡി) | കാട്ടുതീ തടയുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിനും വനജാഗ്രത സമിതികളുടെ ഇടപെടൽ വളരെയധികം ഫലപ്രദമാണ്. കാട്ടുതീ ഉണ്ടായതായോ, വന്യമൃഗങ്ങൾ നാട്ടിലിറങ്ങിയതായോയുള്ള വിവരം ലഭ്യമായാൽ ടി സമിതിയിലെ അംഗങ്ങൾ യഥാസമയം വനം വകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കുകയും ആയത് പരിഹരിക്കുന്നതിനുള്ള പ്രവൃത്തികളിൽ പങ്കാളികളാവുകയും ചെയ്യാറുണ്ട്. |
| (ഇ) | കൊറ്റമ്പത്തൂരിൽ തീ അണയ്ക്കുന്നതിനിടെ മരണമടഞ്ഞ വനം വകുപ്പ് ജീവനക്കാരുടെ ആശ്രിതർക്ക് വകുപ്പിൽ സ്ഥിരജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | കൊറ്റമ്പത്തൂരിൽ തീ അണയ്ക്കുന്നതിനിടെ മരണമടഞ്ഞ മൂന്ന് വാച്ചർമാരിൽ ഒരാൾ ട്രൈബൽ വാച്ചർ ആയതിനാൽ ടിയാന്റെ ആശ്രിതരിൽ ഒരാൾക്ക് സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മറ്റു രണ്ടുപേരുടെയും ആശ്രിതരിൽ ഒരാൾക്ക് വീതം വന സംരക്ഷണ ജോലികൾക്കായി അവർ ആവശ്യപ്പെടുന്ന മുറയ്ക്ക് താൽക്കാലിക അടിസ്ഥാനത്തിൽ തൊഴിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Praveen

സെക്ഷൻ ഓഫീസർ